**പതിനാലാം കേരള നിയമസഭ**

**നാലാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4092 16.03.2017-ന് മറുപടിയ്ക്ക്**

**വനങ്ങൾക്കുള്ളിലെ നദികളിൽ നിന്നും മണൽ ശേഖരണം**

| **ചോദ്യം** | **മറുപടി** |
|---|---|
| **ശ്രീ. അടൂർ പ്രകാശ്**<br>**ശ്രീ. പി.ടി. തോമസ്**<br>**ശ്രീ.അനൂപ് ജേക്കബ്**<br>**ശ്രീ.അനിൽ അക്കര** | **ശ്രീ. കെ. രാജു**<br>**(ബഹു. വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി)** |

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ വനങ്ങൾക്കുള്ളിലെ നദികളിൽ നിന്നും മണൽ ശേഖരണം നടത്തുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | ഉണ്ട്. കേരള വനം വകുപ്പിന്റെ കൊല്ലം സതേൺ സർക്കിളിന്റെ പരിധിയിലുള്ള തിരുവനന്തപുരം ഡിവിഷന്റെ കീഴിലെ കുളത്തൂപ്പുഴ റെയിഞ്ചിൽ ചോഴിയക്കോട്, മിൽപ്പാലം കടവുകളിൽ നിന്നും നിയമാനുസരണം മണൽ ശേഖരണം നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്. |
| (ബി) | ഇത്തരത്തിൽ ശേഖരിക്കുന്ന മണൽ എങ്ങനെ വിപണനം ചെയ്യാനാണ് ഉദ്ദേശിക്കുന്നതെന്ന് വിവരിക്കുമോ; | (ബി) | 04.03.2017 ലെ GO (MS) 67/2017/Revenue നമ്പർ ഉത്തരവ് പ്രകാരം മിൽപ്പാലം, ചോഴിയക്കോട് ഏരിയകളിലെ മണൽ ഓഡിറ്റിന്റെ റിപ്പോർട്ട് സർക്കാർ അംഗീകരിച്ചിട്ടുണ്ട്. വന സംരക്ഷണ സമിതി വഴി ശേഖരിക്കുന്ന മണൽ കലവറ വഴി നേരിട്ട് അർഹരായ ഉപഭോക്താക്കൾക്ക് വിപണനം ചെയ്യാൻ തീരുമാനിച്ചിട്ടുണ്ട്. |
| (സി) | പരിസ്ഥിതിക്ക് കോട്ടം വരുത്താതെ മണൽ ശേഖരണം ഉറപ്പ് വരുത്താൻ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | (സി) | പരിസ്ഥിതിക്ക് കോട്ടം വരുത്താതെ മണൽ ശേഖരണം ഉറപ്പ് വരുത്താൻ നിലവിലുള്ള നിയമങ്ങളുടെയും കോടതി ഉത്തരവുകളുടെയും അടിസ്ഥാനത്തിൽ അംഗീകൃത ഏജൻസി മുഖേന ശാസ്ത്രീയ പഠനം നടത്തി മണൽ ശേഖരിക്കാനാണ് തീരുമാനിച്ചിട്ടുള്ളത്. |

**സെക്ഷൻ ഓഫീസർ**